**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് — പഞ്ചായത്ത് ജീവനക്കാര്യം — തൊളിക്കോട് ഗ്രാമപഞ്ചായത്ത് — കുടുംബശ്രീ ചാർജ്ജ് ഓഫീസറായിരുന്ന സീനിയർ ക്ലാർക്ക് ശ്രീ. ജി. രൂപേഷ് സമർപ്പിച്ച പുന:പരിശോധനാ ഹർജി — തീർപ്പാക്കി — ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.170/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 19.01.2018

---

പരാമർശം: 1. പഞ്ചായത്ത് ഡയറക്ടറുടെ 30.09.2016-ലെ ഡി3-46904/2014 നമ്പർ നടപടിക്രമങ്ങൾ

2. ശ്രീ. രൂപേഷ് ജി. സമർപ്പിച്ച 28.10.2016-ലെ അപ്പീൽ അപേക്ഷ

3. പഞ്ചായത്ത് ഡയറക്ടറുടെ 28.04.2017-ലെ ഡി3-46904/2014 നമ്പർ കത്ത്

4. സ.ഉ.(സാധാ) നം.1985/2017/തസ്വഭവ തീയതി 15.06.2017

5. ശ്രീ. രൂപേഷ് ജി. സമർപ്പിച്ച 23.09.2017-ലെ പുന:പരിശോധനാ ഹർജി

**ഉത്തരവ്**

തൊളിക്കോട് ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ സി.ഡി.എസ്.ൽ ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ പരിശോധനയിൽ കുടുംബശ്രീ ചാർജ്ജ് ഓഫീസറായിരുന്ന സീനിയർ ക്ലാർക്ക് ശ്രീ. ജി. രൂപേഷിന്റെ ഭാഗത്ത് നിന്ന് കൃത്യനിർവ്വഹണത്തിലെ വീഴ്ചയും അലംഭാവവും ഉണ്ടായിട്ടുണ്ടെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ടിയാന് കുറ്റപത്രം നൽകി അച്ചടക്ക നടപടികൾ ആരംഭിക്കുകയും ടിയാന്റെ രണ്ട് വാർഷിക വേതന വർദ്ധനവുകൾ സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞ് പരാമർശം (1) പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു. ഇതിനെതിരെ ശ്രീ. രൂപേഷ് പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ പരാമർശം (4) പ്രകാരം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ടി ഉത്തരവിനെതിരെ ടിയാൻ പരാമർശം (5) പ്രകാരം സമർപ്പിച്ച പുന:പരിശോധനാ ഹർജിയിൽ തന്നെ നേരിൽ കേൾക്കാതെയാണ് തനിയ്ക്കെതിരെയുള്ള ആരോപണങ്ങളിന്മേൽ തീരുമാനമെടുത്തിട്ടുള്ളതെന്നും ആയതിനാൽ തന്നെ നേരിൽ കേൾക്കണമെന്നും അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാനെ നേരിൽ കേട്ടു.

IAY പദ്ധതിയുടെകീഴിൽ ഭവനനിർമാണത്തിനു അനുവദിച്ച തുക ലഭിക്കുന്നതിന് കാലതാമസമുണ്ടാകുമെന്നതിനാൽ സി.ഡി.എസ്സ.ന്റെ തനതു ഫണ്ടിൽ നിന്നും 20,000/- രൂപ തന്റെ വീട് പണിയുന്ന ആവശ്യത്തിനായി 3 മാസത്തേക്ക് വായ്പ അനുവദിക്കണമെന്ന് സി.ഡി.എസ്. ചെയർപേഴ്സൺ ആയ ശ്രീമതി. പ്രസാദിനി ആവശ്യപ്പെട്ടിരുന്നുവെന്നും, ആദിവാസി വിഭാഗത്തിൽപ്പെട്ട ചെയർപേഴ്സൺ വായ്പ അനുവദിക്കാൻ വാക്കാൽ ആവശ്യപ്പെടുകയും അപ്രകാരം നല്കാൻ വ്യവസ്ഥയില്ലെന്നും താൻ അറിയിച്ചിട്ടുണ്ടായിരുന്നുവെന്നും, എന്നാൽ വായ്പാ തുക അനുവദിക്കുന്ന വിഷയം സി.ഡി.എസ്. കമ്മിറ്റിയിൽ വയ്ക്കുകയും തുക അനുവദിക്കാൻ കമ്മിറ്റി തീരുമാനമെടുക്കുകയും ചെയ്തിരുന്നുവെന്നും, ഈ കമ്മിറ്റി യോഗത്തിൽ ഞാൻ പങ്കെടുത്തിട്ടുണ്ടായിരുന്നില്ലായെന്നും കമ്മിറ്റിയുടെ തീരുമാനമുണ്ടായിരുന്നതിനാൽ തുക അനുവദിച്ച് 6/17-ൽ ചെക്ക് നൽകുകയുണ്ടായെന്നും വായ്പയായി നൽകിയ തുക 10/17-ൽ തന്നെ തിരിച്ചടയ്ക്കുകയും പലിശ തുകയും പിന്നീട്

തിരിച്ചടക്കുകയുണ്ടായെന്നും തന്റെ പ്രവൃത്തികൊണ്ട് സർക്കാരിന് യാതൊരു നഷ്ടവും ഉണ്ടായിട്ടില്ലെന്നും ടിയാൻ നേരിൽ കേട്ട വേളയിൽ അറിയിച്ചു കമ്മിറ്റി തീരുമാനപ്രകാരം തുക അനുവദിച്ച തന്നെ കുറ്റക്കാരനായി കാണരുതെന്നും ശിക്ഷ വിധിച്ചിട്ടുള്ളത് ഒഴിവാക്കണമെന്നും ആദിവാസി വിഭാഗത്തിൽപ്പെട്ടയാൾക്ക് വീട് പണിയുന്നതിനുള്ള ആവശ്യത്തിലേക്കാണ് കമ്മിറ്റി തീരുമാനപ്രകാരം തുക അനുവദിച്ചതെന്നും ടിയാൻ ബോധിപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കാൻ നിർബന്ധിതനായത് എന്ന ശ്രീ. രൂപേഷിന്റെ വാദം അംഗീകരിക്കത്തക്കതാണെന്നു കാണുന്നു. ആദിവാസി വിഭാഗത്തിൽപ്പെട്ടയാൾക്ക് വീടുപണിയുന്നതിനാണ് തുക അനുവദിച്ചതെന്ന് പറയുന്നുണ്ടെങ്കിലും ചട്ടപ്രകാരം അനുവദനീയമല്ലാത്ത തുകയാണ് അനുവദിച്ചു നൽകിയിട്ടുള്ളത്. മറ്റു വ്യക്തമായ കാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കേണ്ട തുകയാണ് വീട് പണിയുന്ന ആവശ്യത്തിലേക്കു വായ്പയായി അനുവദിച്ചിരിക്കുന്നതെന്നു കാണുന്നു. കമ്മിറ്റി തീരുമാനമുണ്ടായ സ്ഥിതിക്ക് നിയമപ്രകാരം ക്രമപ്രകാരമല്ല തുക അനുവദിക്കാൻ കമ്മിറ്റി തീരുമാനമെടുത്തതെന്ന് പിന്നീട് ശ്രീ. രൂപേഷിന് ചൂണ്ടിക്കാണിക്കാമായിരുന്നുവെങ്കിലും ആയത് ചെയ്തതായി കാണുന്നില്ല. ക്രമവിരുദ്ധമായി തുക അനുവദിച്ചത് കണ്ടുപിടിക്കപ്പെടാതിരുന്നുവെങ്കിൽ ഈ തുക എപ്രകാരം തിരിച്ചു പിടിക്കുമായിരുന്നുവെന്നത് ചിന്തനീയമാണ്. ആരോപണങ്ങളുടെയും പരാതിയുടെയും അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയപ്പോഴാണ് ക്രമക്കേട് കണ്ടെത്തിയതെന്നും അതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. രൂപേഷിനെതിരെയുള്ള അച്ചടക്കനടപടി ശിക്ഷവിധിച്ചു തീർപ്പാക്കിയതെന്നും കാണുന്നു. ഈ സാഹചര്യത്തിൽ ടി ക്രമക്കേടിന് ശ്രീ. രൂപേഷിനെ പൂർണമായും കുറ്റവിമുക്തമാക്കാൻ കഴിയില്ലായെന്നു കാണുന്നു. വീഴ്ചയുണ്ടെങ്കിലും കുറ്റത്തിന് ആനുപാതികമായ ശിക്ഷയല്ല നല്കിയിരിക്കുന്നതെന്ന് കാണാവുന്നതാണ്. ആയതിനാൽ ടിയാനെതിരെയുള്ള അച്ചടക്ക നടപടി കെ.സി.എസ് (സി.സി.&എ) റൂൾ ചട്ടം 11 പ്രകാരമുള്ള **"സെൻഷ്വർ"** എന്ന ശിക്ഷ നൽകി ശ്രീ. രൂപേഷ് ജി. സമർപ്പിച്ച പുനഃപരിശോധനാ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

1. ശ്രീ. രൂപേഷ് ജി, അക്കൗണ്ടന്റ്, മുൻ സീനിയർ ക്ലാർക്ക്, തൊളിക്കോട് ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/259/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ